"ഭരണ ഭാഷ - മാതൃഭാഷ"

<u>നം.എച്ച്2/61/2017/ഡി.പി.ഐ.</u>

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.തീയതി, 07-01-2017.

പ്രേഷിതാവ്

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

സർ,

വിഷയം :- പൊതു വിദ്യാഭ്യാസം — തസ്തിക നിർണയം -നിയമനാംഗീകാരം- ഫയലുകൾ തീർപ്പാക്കുന്നത് സംബന്ധിച്ച്.

സൂചന :- 1) ബഹു.വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ 29-12-2016 ലെ കുറിപ്പ് നമ്പർ 137/2017/M.Edn

2) 9.11.2016 ലെ സർക്കുലർ നമ്പർ 951951/ജെ2/16/പൊ.വി.വ.

3) ഈ ഓഫീസിൽ നിന്നുള്ള 11-11-2016 ലെ പുറത്തെഴുത്ത് കത്ത് നമ്പർ എച്ച്2/35985/16/ഡി.പി.ഐ.

പൊതു വിദ്യാഭ്യാസ വകുപ്പിലെ വിദ്യാഭ്യാസ ഉപഡയറക്ടർമാർ, ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റുമാർ, പെഴ്സണൽ അസിസ്റ്റന്റുമാർ, സീനിയർ സൂപ്രണ്ടുമാർ എന്നിവരുടെ യോഗം 2016 ഒക്ടോബർ മാസത്തിൽ സംസ്ഥാനതലത്തിൽ വിളിച്ചുചേർത്ത് ഒക്ടോബർ 31-ാം തീയതിക്കു മുമ്പ് നിയമനാംഗീകാര ഫയലുകളിൽ തീർപ്പുകൽപിക്കണമെന്ന് കർശന നിർദേശം നൽകിയിരുന്നത് ഓർക്കുമല്ലോ. പ്രസ്തുത യോഗത്തിൽ ഉദ്യോഗസ്ഥർ ഉന്നയിച്ച സംശയങ്ങൾക്ക് വ്യക്തമായ മറുപടി നൽകിയിരുന്നു, തുടർന്ന് സർക്കാർ സ്പഷ്ടീകരണ ഉത്തരവുകളും പ്രസിദ്ധീകരിച്ചിരുന്നു. എന്നിട്ടും നിയമനാംഗീകാര ഫയലുകൾ തീർപ്പാക്കുന്നതിൽ വേണ്ടത്ര പുരോഗതി ഉണ്ടാകാത്തത് വിമർശനത്തോടെ ചൂണ്ടിക്കാട്ടി, ഈ വിഷയത്തിൽ അടിയന്തര നടപടികൾ സ്വീകരിക്കാൻ ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രി സൂചന (1) ലെ കുറിപ്പിലൂടെ ആവശ്യപ്പെട്ടിരിക്കുകയാണ്. തന്നിലർപ്പിതമായ ഉത്തരവാദിത്തങ്ങൾ നിറവേറ്റേണ്ടത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ നിയമപരമായ ബാധ്യതയാണെന്ന് അദ്ദേഹം ഈ കുറിപ്പിലൂടെ എല്ലാവരെയും ഓർമ്മിപ്പിക്കുന്നുണ്ട്.

(മറുപുറം)

സൂചന രണ്ടിലെ സർക്കുലർ എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും അയച്ചുകൊണ്ട് നവംബർ 30 നകം മുഴുവൻ നിയമനാംഗീകാര ഫയലുകളിലും തീർപ്പ് കല്പിക്കണമെന്ന് ഈ ഓഫീസിൽ നിന്നു നിർദേശം നൽകിയിരുന്നതാണ്. നിസ്സാര കാരണങ്ങൾ പറഞ്ഞ് നിയമനാംഗീകാരം നിരസിക്കരുതെന്നും കർശന നിർദേശം ഇതിലൂടെ നൽകിയിരുന്നു. എന്നാൽ പല വിദ്യാഭ്യാസ ഓഫീസർമാരും ഇതൊന്നും പ്രാവർത്തികമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടില്ല എന്നാണ് ഡയറക്ടറേറ്റിൽ ലഭിക്കുന്ന പരാതികളിൽ നിന്നു മനസ്സിലാകുന്നത്. ഇത് തീർത്തും ഖേദകരമായ അവസ്ഥയാണ്. ബഹു. മന്ത്രി ചൂണ്ടിക്കാട്ടിയതുപോലെ സ്വന്തം ഉത്തരവാദിത്തം നിറവേറ്റുന്നതിൽ ഗുരുതരമായ വീഴ്ച വരുത്തുന്ന ഇത്തരം ഉദ്യോഗസ്ഥർ വകുപ്പിന് ഭൂഷണമേയല്ല. ഇവർ ശിക്ഷാർഹർ തന്നെയാണ്.

ഈ സാഹചര്യത്തിൽ, നിയമനാംഗീകാര ഫയലുകൾ തീർപ്പാക്കുന്നതിനും, തസ്തിക നിർണയം ഉൾപ്പെടെയുള്ള അപ്പീലുകൾ തീർപ്പാക്കുന്നതിനും സമയക്രമം തീരുമാനിക്കാനും അദാലത്തുകൾ സംഘടിപ്പിക്കുവാനും ബഹു.മന്ത്രി കർശന നിർദേശം നൽകിയിരിക്കുകയാണ്. ആയതിനാൽ താഴെ പറയുന്ന സമയക്രമം പാലിച്ച് പ്രസ്തുത ഫയലുകളിൽ നീതിപൂർവമുള്ള തീർപ്പ് കൽപ്പിക്കണമെന്ന് അറിയിക്കുന്നു.

1. <u>ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ അവശേഷിക്കുന്ന നിയമനാംഗീകാര ഫയലുകളിൽ 2017 ജനുവരി 21നകം തീർപ്പ് കല്പിക്കണം</u>. *(ഇതിന്റെ ഭാഗമായി 2016-17 വർഷത്തെ നിയമനങ്ങൾ "തസ്തികനിർണയം നടന്നിട്ടില്ല" എന്ന കാരണം പറഞ്ഞ് നിരസിക്കരുത്. 2016-17 ൽ തസ്തികനിർണയം നടന്നാലും ഇല്ലെങ്കിലും തസ്തികയും ഒഴിവും നിലനിൽക്കുമെങ്കിൽ അത്തരം നിയമനങ്ങൾക്ക് അംഗീകാരം നൽകുക. മറ്റുള്ളവ 2016-17 ലെ തസ്തിക നിർണയം സംബന്ധിച്ച് ഹൈക്കോടതിയിൽ നിലനിൽക്കുന്ന കേസിന്റെ അന്തിമ വിധിയെ തുടർന്നുള്ള സർക്കാർ ഉത്തരവ് വരുന്നതുവരെ ഓഫീസിൽ സൂക്ഷിക്കുക.)*

2. <u>ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ നിലനിൽക്കുന്ന അപ്പീലുകളിൽ ജനുവരി 31 നകം തീരുമാനമെടുത്ത് ഉത്തരവ് പുറപ്പെടുവിക്കണം. ഇതിനായി ജനുവരി 23 മുതൽ 31 വരെയുള്ള കാലയളവിൽ എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലും അദാലത്തുകൾ സംഘടിപ്പിക്കണം</u>. അദാലത്തിന്റെ തീയതിയും സ്ഥലവും അപ്പീലുകളുടെ എണ്ണവും ജനുവരി 13 നു മുമ്പ് പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ അറിയിക്കേണ്ടതാണ്. (hsectiondpi@gmail.com) ഡയറക്ടറേറ്റിൽ നിന്നുള്ള ഉദ്യോഗസ്ഥരും ഈ അദാലത്തിൽ പങ്കെടുക്കുന്നതാണ്.

3. **തുടർന്ന് ഫെബ്രുവരി 15 നുള്ളിൽ എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർ ഓഫീസുകളിലും അദാലത്ത് നടത്തി നിയമനാംഗീകാര, തസ്തികനിർണയ അപ്പീലുകളിൽ തീരുമാനമെടുക്കേണ്ടതാണ്.** അദാലത്ത് നടക്കുന്ന സ്ഥലവും, തീയതിയും, അപ്പീലുകളുടെ എണ്ണവും ജനുവരി 23 നകം ഡയറക്ടറേറ്റിൽ അറിയിക്കേണ്ടതാണ്. ഇതിൽ ഡയറക്ടറേറ്റിൽ/ സെക്രട്ടേറിയറ്റിൽ നിന്നുള്ള ഉദ്യോഗസ്ഥർ പങ്കെടുക്കുന്നതാണ്.

4. പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിലനിൽക്കുന്ന നിയമനാംഗീകാര, തസ്തികനിർണയ റിവിഷൻ ഹർജികളിൽ തീരുമാനമെടുക്കുന്നതിനുള്ള അദാലത്ത് ഫെബ്രുവരി മൂന്നാംവാരം നടക്കുന്നതാണ്. ഇതിന്റെ തീയതിയും, സ്ഥലവും പിന്നാലെ അറിയിക്കുന്നതാണ്.

മേൽ പറഞ്ഞ സമയക്രമത്തിൽ യാതൊരു മാറ്റവും വരുത്തരുതെന്നും, മുൻകൂട്ടിത്തന്നെ ബന്ധപ്പെട്ടവർക്കെല്ലാം അറിയിപ്പ് നൽകി അദാലത്തുകൾ സുതാര്യമായും നീതിയുക്തമായും നടത്താൻ അടിയന്തര നടപടികൾ സ്വീകരിക്കണമെന്നും അറിയിക്കുന്നു.

ഓർക്കുക - ജനുവരി 21 കഴിയുമ്പോൾ 2015-16 വരെയുള്ള ഒരു നിയമനാംഗീകാര ഫയലും തീരുമാനമെടുക്കാതെ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ അവശേഷിക്കരുത്. അദാലത്തുകൾ കഴിയുമ്പോൾ (ജനുവരി 31, ഫെബ്രുവരി 15) ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലും, ഉപഡയറക്ടർമാരുടെ ഓഫീസുകളിലും തീരുമാനമെടുക്കാത്ത നിയമനാംഗീകാര, തസ്തികനിർണയ അപ്പീൽ ഫയലുകൾ ഒരെണ്ണം പോലും അവശേഷിക്കരുത്.

നന്മനിറഞ്ഞ പുതുവത്സരം ആശംസിച്ചുകൊണ്ട്,

വിശ്വസ്തതയോടെ

**കെ.വി.മോഹൻകുമാർ ഐ.എ.എസ്.**
**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

കെ.ആർ/-